ശ്രീ. എസ്. വരദരാജൻ നായർ: മിക്കവാറും സ്ഥലങ്ങളിൽ പഞ്ചായത്ത് കെട്ടിടംകെട്ടി ഗവൺമെന്റിനെ ഏൽപ്പിക്കും. ചിലർ വെറുതെ ഏൽപ്പിക്കാമെന്ന് സമ്മതിച്ചിട്ടുള്ളവരാണ്. ചിലർ വാടകയ്ക്ക് ഏൽപ്പിക്കാമെന്ന് സമ്മതിച്ചിട്ടുള്ളവരാണ്. അങ്ങനെയുള്ളവർക്ക് മുൻഗണന നൽകുന്നുവെന്നുള്ളതാണ് ഇന്ന് നിലവിലുള്ള വ്യവസ്ഥ.

ശ്രീ. പി. പി. എസ് തോമസ്: ഇന്ന് സൗകര്യപ്രദമായി ആളുകൾക്ക് ട്രഷറിയിൽ ബിസിനസ്സ് നടത്താൻ സൗകര്യമുള്ള ചില ട്രഷറികളെ ബൈഫർക്കേറ്റ് ചെയ്യുന്നതിന്റെ ഫലമായി ആ സ്ഥലത്തുള്ള ആളുകൾക്ക് പുതിയ ട്രഷറിയിലേക്ക് വളരെക്കൂടുതൽദൂരം വരേണ്ട പരിതഃസ്ഥിതിയുണ്ട്. അത് പരിഗണിച്ച് പുതിയ ട്രഷറികൾ സ്ഥാപിക്കുമ്പോൾ ഭൂമിശാസ്ത്രപരമായ കാര്യംകൂടി പരിഗണിച്ച് അതിർത്തി നിശ്ചയിക്കുന്നതിന് മുൻഗണന നൽകുന്നതിന് ശ്രമിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: ട്രഷറി സ്ഥാപിക്കുന്നതിനു തീരുമാനമെടുക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഭൂമിശാസ്ത്രപരമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: പഞ്ചായത്തുകൾ കെട്ടിടം കെട്ടി കൊടുക്കുന്ന സ്ഥലങ്ങളിൽ എല്ലാം സബ് ട്രഷറി തുടങ്ങുന്നുവെന്ന് മന്ത്രി പറഞ്ഞു. സബ് ട്രഷറി തുടങ്ങുന്നതിന് പ്രത്യേക നോംസുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ശ്രീ. എസ്. വരദരാജൻ നായർ: പഞ്ചായത്തുകൾ കെട്ടിടംകെട്ടി തരുന്ന സ്ഥലത്തെല്ലാം ട്രഷറി തുടങ്ങാമെന്ന് പറഞ്ഞിട്ടില്ല. എവിടെയെല്ലാം ആവശ്യമുണ്ടെന്ന് പരിശോധിച്ചതിനുശേഷം തുടങ്ങും. ചില അംഗങ്ങൾ പറഞ്ഞതുപോലെ ചില ട്രഷറികളിൽ കൂടുതൽ ജോലിയുണ്ടായിരിക്കും. പുതിയതായി കൂടുതൽ സെയിൽസ് ടാക്സ് ആടയ്ക്കാനും അദ്ധ്യാപകരുടെ ബില്ല് മാറാനും അങ്ങനെയുള്ള സ്ഥലങ്ങളിൽ പരിശോധിച്ചതിനുശേഷം പഞ്ചായത്തുകൾ അതിനാവശ്യമായ കെട്ടിടവും സ്ട്രോങ്ങ് റൂംസുമെല്ലാം തരികയാണെങ്കിൽ മുൻഗണന കൊടുത്ത് തുറക്കുന്നതാണ്.

അടിസ്ഥാന നികുതി ലഭിക്കുന്ന ഭൂമി

* 668 [728] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, എം.വി. മാണി:

ഡോ. ജോർജ്ജ് മാത്യു:

ശ്രീ. പി.സി.ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടിസ്ഥാന നികുതി പിരിക്കുന്ന എത്ര ഹെക്ടർ ഭൂമി ഉണ്ട്;

(ബി) കുത്തകപ്പാട്ട വ്യവസ്ഥയിൽ എത്ര ഹെക്ടർ ഭൂമി ഉണ്ട്;

(സി) കുത്തകപ്പാട്ട ഇനത്തിൽ ലഭിക്കുന്ന വരുമാനം എത്ര?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 24,32,811.55 ഹെക്ടർ.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. എം. വി. മാണി: പട്ടയം കിട്ടാത്തതുകൊണ്ട് നിരവധി കർഷകർ ഇന്ന് ബുദ്ധിമുട്ടുന്നുണ്ട്. അടിയന്തിരമായും പട്ടയം കൊടുത്ത് കൃഷിക്കാരെ സഹായിക്കുന്നതിനും അതുവഴി ഗവൺമെൻറിനുള്ള റവന്യൂ വരുമാനം ഉണ്ടാക്കുന്നതിനും ശ്രമിക്കുമോ?

ശ്രീ. ബേബി ജോൺ: പട്ടയം കിട്ടാത്തവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനോടൊ പട്ടയം കിട്ടേണ്ട ആളുകൾ സഹകരിക്കാൻ മറ്റുള്ളവർ പ്രേരിപ്പിക്കണം. കുടിശ്ശികപണം അടയ്ക്കാനുള്ള കാലതാമസം കൂടിയുണ്ട്, പട്ടയം കൊടുക്കുന്നതിന്.

ശ്രീ. എം.വി. മാണി: കഴിഞ്ഞകാലത്ത് കുത്തകപ്പാട്ട ഭൂമിയിൽ ഏക്കറിന്റെ അടിസ്ഥാനത്തിലായിരുന്നു നികുതി എടുത്തിരുന്നത്. അടുത്തകാലത്തായി അതിനകത്തുള്ള വൃക്ഷങ്ങളുടെ എണ്ണംനോക്കി നികുതി ചുമത്തുന്നതുകൊണ്ട് ഏക്കറിന് ആയിരം രൂപവരെ ഒന്നിച്ച് കെട്ടിവയ്ക്കേണ്ടി വരുന്നുണ്ട്. ഈ ബുദ്ധിമുട്ട് മന്ത്രിക്കും അറിയാം. സ്റ്റേ വാങ്ങിച്ചിട്ടുള്ളതാണ്. ഇത് ഇളവ് ചെയ്ത് പട്ടയംകൊടുക്കുന്നതിനും ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ഗവൺമെൻറ് ശ്രമിക്കുമോ?

ശ്രീ. ബേബി ജോൺ: കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമി പതിച്ചുകൊടുക്കാത്ത ഭൂമിയാണെങ്കിൽ പതിച്ചുകൊടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്നതിൽ നിന്നും കുറെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതെപ്പറ്റി പരാതി കിട്ടിയിട്ടുണ്ട്. പരിശോധിച്ചതിനുശേഷം തൽക്കാലം വലിയ കുറവ് വരുത്തേണ്ടയെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പി.സി. ജോസഫ്: അശാസ്ത്രീയമായ കുത്തകപ്പാട്ട നികുതി പുനഃപരിശോധിച്ചിട്ട് വ്യത്യാസം വരുത്തേണ്ടയെന്നാണ് തീരുമാനിച്ചതെന്ന് പറഞ്ഞു. നിലവിലുള്ള ഭൂമിയുടെ താരിഫ് വിലയെക്കാളേറെ കുത്തകപ്പാട്ട നികുതി ചുമത്തുകയാണെന്ന് ഗവൺമെൻറിനെ ബോധ്യപ്പെടുത്തിയാൽ അങ്ങനെയുള്ള കേസ്സ് പുനഃപരിശോധിച്ച് തീരുമാനമെടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: അശാസ്ത്രീയമായിട്ടാണ് കുത്തകപ്പാട്ടം നിശ്ചയിച്ചിരിക്കുന്നതെന്നുള്ള ആരോപണം ശരിയല്ല. ശരിയായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇതൊക്കെ നിശ്ചയിച്ചിട്ടുള്ളത്. കൂടുതൽ കൊടുക്കേണ്ടിവരുന്ന അവസരത്തിൽ ചില പരാതികളും ഉണ്ട്. മുമ്പ് കൊടുത്തുകൊണ്ടിരുന്നതിനെക്കാളും കൂടുതലായിട്ടുണ്ട്. ചില ആളുകളിൽനിന്ന് പരാതി കിട്ടിയിട്ടുണ്ട്. പൊതുവായി കുറവുവരുത്തണമെന്ന് ഗവൺമെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി.സി. ജോസഫ്: പൊതുപ്രാധാന്യമില്ലാത്തതും പൊതു ആവശ്യമില്ലാത്തതുമായ കുത്തകപ്പാട്ട ഭൂമി പതിച്ചു കൊടുക്കുന്നതിനാണ് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിരിക്കുന്നതെന്നു പറഞ്ഞു. പൊതു

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ലാത്ത കുത്തകപ്പാട്ടഭൂമി ഒരു സമയബന്ധിതപരിപാടിയുടെ അടിസ്ഥാനത്തിൽ ഇത്രകൊല്ലത്തിനുള്ളിൽ പതിച്ചുകൊടുക്കുമെന്ന് വ്യക്തമായ ഒരു നയം സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: വളരെ കൂടുതൽ ഇല്ല. ചില പ്രദേശങ്ങളിലാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. എട്ട് ലാൻഡ് അക്വിസിഷൻ തഹശീൽദാരുടെ പോസ്റ്റ് അബോളിഷ് ചെയ്തു. പല താലൂക്കുകളിലും ഇതില്ല. വളരെ കുറവാണ്. ചില താലൂക്കുകളിലുണ്ട്. കുറേക്കൂടി തീവ്രമായ ഒരു പരിശ്രമം നടത്താം.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: കുത്തകപ്പാട്ട ഭൂമി പതിച്ചുകൊടുക്കുന്ന സമയത്തുള്ള ചില ശാസ്ത്രീയമായ സംഗതികളെപ്പറ്റി പറഞ്ഞു. പാവപ്പെട്ട ആളുകളിൽനിന്ന് മാർക്കറ്റുവാല്യു ഈടാക്കുന്നതിന്റെ ഫലമായി പതിച്ചുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. തൃക്കാക്കര മറ്റുപല കാരണങ്ങളാലും ഭൂമിക്കു വില വർദ്ധിച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകളിൽനിന്നു് മാർക്കറ്റ് വാല്യു ഈടാക്കാതെ തന്നെ പതിച്ചുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: ലാൻഡ് അസയിൻമെന്റ് ആക്ട് അനുസരിച്ച്, ചില ആളുകൾക്ക് ഏക്കറിന് ഇരുന്നൂറുരൂപവച്ച് പതിച്ചുകൊടുക്കാൻ വ്യവസ്ഥയുണ്ട്. ആ റൂളിന്റെ പരിധിക്ക് പുറത്തുള്ള ആളുകൾക്ക് റൂൾ അനുസരിച്ച് ഇവർക്ക് കിട്ടിയില്ലെങ്കിൽതന്നെ ഇവരുടെ കൈവശം ഇരിക്കുന്നുവെന്നുള്ളതുകൊണ്ട് ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ടെങ്കിൽ അത് കഴിച്ച് മാർക്കറ്റു വാല്യു അനുസരിച്ച് കൊടുക്കാനാണ് പറയുന്നത്.

ശ്രീ. പി. കെ. ശ്രീനിവാസൻ: 30 വർഷക്കാലമായി കുത്തകപ്പാട്ട ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവരുണ്ട്. അവർക്ക് ഇതുവരെ പതിച്ചുകൊടുത്തിട്ടില്ല. ധാരാളം ദേഹണ്ഡങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയുന്നില്ല. അവർക്ക് അഞ്ചു സെന്റ് സ്ഥലം കച്ചവടം ചെയ്യാൻ കഴിയുന്നില്ല. ദീർഘകാലമായി കൈവശംവച്ചിരിക്കുന്ന ഭൂമി പതിച്ചുകൊടുക്കാൻ ഒരു സമയബന്ധിത പരിപാടിവച്ചുകൊണ്ട് എന്തെങ്കിലും തീരുമാനമെടുക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: വളരെ വേഗത്തിലാണ് അതിന്റെ പ്രവർത്തനം നടത്തുന്നത്. പലസ്ഥലത്തും ആളുകൾ സഹകരിക്കുന്നില്ലെന്നുള്ള പരാതിയാണ് ഗവൺമെന്റിനുള്ളത്. ഇത് ഇങ്ങനെ കുത്തകപ്പാട്ടവ്യവസ്ഥയിൽ തുടർന്നുപോകുന്നതിനേക്കാൾ നല്ലത് അവർക്കുതന്നെ പതിച്ചുകൊടുക്കണമെന്നുള്ള നിഗമനത്തിലാണ് ഗവൺമെന്റ് എത്തിയിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ റൂൾ അനുസരിച്ച് പതിച്ചുകിട്ടാൻ അർഹതയില്ലാത്തവർക്കുകൂടി കൈവശഭൂമി മാർക്കറ്റുവാല്യു ഈടാക്കികൊണ്ടു പതിച്ചുകൊടുക്കുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: മലബാറിൽ അൺ സർവ്വേ ഏരിയായിൽ ആയിരക്കണക്കിന് ഏക്കർ റബ്ബർതോട്ടങ്ങളുണ്ട്. അൺസർവ്വേ ആയതുകൊണ്ട് ഭൂമിയുടെ വിസ്തീർണ്ണം ശരിയായി അറിയാത്തതുകൊണ്ട് യഥാർത്ഥത്തിൽ കൈവശമുള്ള ഭൂമിക്ക് നികുതി കൊടുക്കുന്നില്ലെന്നുള്ളത് പരിഗണിച്ച് അവരിൽനിന്ന് നികുതി പിരിക്കാൻ ഉടനടിതന്നെ സർവ്വേ ചെയ്യേണ്ട കാര്യത്തെപ്പറ്റി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: അൺസർവ്വേ ഏരിയ അവിടെ ധാരാളമുണ്ട്. കുറെ ബുദ്ധിമുട്ടുണ്ട്. അതിന് പരിഹാരംകാണാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ലാൻഡ് അസയിൻമെൻറ് റൂൾസ് അനുസരിച്ച് മാർക്കറ്റുവാല്യു വങ്ങിക്കേണ്ട ചില വ്യവസ്ഥയുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. വായനശാലയെ സംബന്ധിച്ചും വിദ്യാലയങ്ങളെ സംബന്ധിച്ചും അവരുടെ കൈവശമിരിക്കുന്ന ഭൂമി കുത്തകപ്പാട്ട വ്യവസ്ഥയിലിരിക്കുന്ന ഭൂമിക്കു നിർബന്ധമായും മാർക്കറ്റ് വാല്യു വാങ്ങിയിരിക്കണമെന്ന നിബന്ധനയുണ്ട്. അത് ഭേദഗതിചെയ്തു വായനശാലകളെ പൊതുസ്ഥാപനമെന്നുള്ള നിലയ്ക്കു മാർക്കറ്റുവാല്യുവിൽനിന്നും ഒഴിവാക്കികൊണ്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: വായനശാലകളുടേയും അതുപോലുള്ള സ്ഥാപനങ്ങളുടേയും കൈവശമുള്ള ഭൂമി പതിച്ചുകൊടുക്കാനുള്ള അധികാരം ഇപ്പോഴും ഗവൺമെൻറിനാണുള്ളത്. ഓരോ കേസ്സിലും റെഗുലറൈസ് ചെയ്യുന്നുണ്ട്. ചില വായനശാലകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ മാർക്കറ്റ് വാല്യു ഈടാക്കാതെതന്നെ കൊടുത്തിട്ടുണ്ട്. വായനശാലാ പ്രസ്ഥാനത്തെ പ്രോൽസാഹിപ്പിക്കണമെന്നുള്ളതാണ്. സ്വാഭാവികമായും മാർക്കറ്റുവാല്യു കൊടുക്കാതിരിക്കാൻ സാധാരണഗതിയിലുള്ള നടപടി കൂടി ഗവൺമെൻറ് ഗൗരവമായി ആലോചിക്കാം.

ശ്രീ. കിട്ടപ്പ നാരായണ സ്വാമി: കുത്തകപ്പാട്ട ഭൂമി പതിച്ചു കൊടുക്കുമ്പോഴും ഹരിജനങ്ങൾക്കും ആദിവാസികൾക്കും കുറഞ്ഞ റേറ്റിൽ പതിച്ചുകൊടുക്കുമോ? ഇല്ലിത്തോട്ടിൽ മൂവായിരം രൂപ ഒരേക്കറിന് തറവില കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. അത് കുറവ് ചെയ്ത് കൊടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: ലാൻഡ് അസയിൻമെൻറ് റൂൾസിൽത്തന്നെ ആദിവാസികൾക്കും ഹരിജനങ്ങൾക്കും ചില കൺസഷൻ ഉണ്ട്. എന്താണെന്ന് ഓർമ്മയിൽനിന്ന് പറയാൻ കഴിയുകയില്ല. മറ്റു മേഖലകളിലേക്കു വ്യാപിപ്പിക്കണമോ വേണ്ടയോയെന്ന് തീരുമാനിച്ചിട്ടില്ല.

ശ്രീ. എം.കെ. കേൾവൻ: മുപ്പതുവർഷമായി തിരുവിതാംകൂർ കൊച്ചി അതിർത്തിയിലുള്ള ഗവൺമെൻറുവക ഭൂമി കൈവശം വച്ചിരിക്കുന്ന ഇരുന്നൂറ്റിയമ്പതോളം ഹരിജനങ്ങൾക്ക്. ആ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: അവർക്ക് മാത്രമല്ല ഈ സംസ്ഥാനത്ത് കൈവശഭൂമിയുള്ള ആളുകൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ യോഗ്യമായ ഭൂമിയാണെങ്കിൽ പതിച്ചുകൊടുക്കുന്നുണ്ട്. ചില ഹരിജനങ്ങളുടെ കൈവശമിരിക്കുന്ന ഭൂമി ഹരിജൻകോളനിയെന്നുള്ള നിലയ്ക്ക് വന്നതുകൊണ്ട് ചിലപ്പോൾ കാലതാമസം വന്നിട്ടുണ്ട്.

ശ്രീ. തോമസ് ജോസഫ്: സഹകരണസംഘങ്ങളുടെ കയ്യിലുള്ള ഭൂമി മാർക്കറ്റുവാല്യു ഈടാക്കാതെതന്നെ പതിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: ഇങ്ങനെയുള്ള സബ്സിഡി പല സ്ഥാപനങ്ങളിലും കൊടുക്കുന്ന ഏർപ്പാട് നിർത്തണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

* 669 [716] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ പേരിലുള്ള ഫിലിം അവാർഡുകൾ നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഉണ്ട്.

(ബി) 1977-ലെ ചലച്ചിത്ര അവാർഡ് നിർണ്ണയക്കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് വ്യക്തികളുടെ പേരിലുള്ള ഫിലിം അവാർഡുകൾ നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

പോളിടെക്നിക്കുകൾ സ്ഥാപിക്കുവാൻ നടപടി

* 670 [720] ശ്രീ. പിണറായി വിജയൻ:

,, പി.പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകൾ നിലവിലില്ലാത്ത ജില്ലകൾ ഏതൊക്കെ;

(ബി) ഇവിടങ്ങളിൽ പോളിടെക്നിക്കുകൾ സ്ഥാപിക്കാനുള്ള എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ എന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) ഇടുക്കി, പാലക്കാട്.

(ബി) ഉണ്ട്.

(സി) പൊതു മേഖലയിൽ ഇടുക്കി പാലക്കാട് എന്നീ ജില്ലകളിൽ ഓരോ പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 15, 16, 17 തീയതികളിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു അഞ്ചംഗവിദഗ്ദ്ധ സംഘം ടി ജില്ലകളിൽ പര്യടനം നടത്തി ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു മടങ്ങിവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചു കഴിഞ്ഞതിനുശേഷമേ ടി പോളിടെക്നിക്കുകൾ തുടങ്ങുന്നതിന് സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly